"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് (മരണപ്പെട്ട) സജീവൻ പി.കെ യുടെ ചികിത്സയ്ക്ക് തലശ്ശേരി സഹകരണ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.3148/2022/LSGD    തീയതി,തിരുവനന്തപുരം, 20-12-2022

---

പരാമർശം:-

1. 11.07.2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. G.O.(P)No.144/2013/H&FWD dated 22.04.2013.
3. ശ്രീമതി. കെ.എം.ഷജിനയുടെ 09.09.2020 ലെ അപേക്ഷയും ബില്ലുകളും.
4. പഞ്ചായത്ത് ഡയറക്ടറുടെ 07.11.2022-ലെ PAN/7811/2020-F2 (DP) നമ്പർ കത്ത്.
5. ജില്ലാ മെഡിക്കൽ ഓഫീസറുടെ 12.09.2022-ലെ സി4/1459/22 നം. കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് (മരണപ്പെട്ട) സജീവൻ പി.കെ യുടെ ചികിത്സയ്ക്ക് തലശ്ശേരി സഹകരണ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം ( 3 ) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം ( 4 ) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർ ശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 20,932/- രൂപയുടെ 80% ആയ 16,746/- (പതിനാറായിരത്തി എഴുന്നൂറ്റി നാൽപത്തി ആറ് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക മുഴപ്പിലങ്ങാട് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമ

പഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് (മരണപ്പെട്ട) സജീവൻ പി.കെ യുടെ ചികിത്സയ്ക്ക് തലശ്ശേരി സഹകരണ ആശുപത്രിയിൽ ചികിൽസ നടത്തിയ നടപടി നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം 30.08.2019 മുതൽ 01.09.2019വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 20,932/- രൂപയുടെ 80% ആയ 16,746/- (പതിനാറായിരത്തി എഴുന്നൂറ്റി നാൽപത്തി ആറ് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ. (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

ശ്രീമതി. കെ.എം.ഷജിന,ജാനകി നിവാസ്,ഇരിവേരി (പി.ഒ) കണ്ണൂർ ജില്ല-670 613 (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.166/EPA3/2021/LSGD)

ഉത്തരവിൻ പ്രകാരം

**Signed by Danuja M S**
**Date: 20-12-2022 14:27:37**
സെക്ഷൻ ഓഫീസർ